പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1820 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ എം.പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട നടപടി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എം.പാനൽ കണ്ടക്ടർമാരെ പിരിച്ച് വിട്ടത് മൂലം കെ.എസ്.ആർ.ടി.സി. യിൽ സർവ്വീസുകൾ മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളെന്ന് അറിയിക്കാമോ; | (എ) | എംപാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ടതുമൂലം കെ.എസ്.ആർ.ടി.സിയിൽ പ്രതിദിനം ശരാശരി 750 സർവ്വീസുകൾ മുടങ്ങുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സർവ്വീസുകൾ മുടങ്ങിയെങ്കിലും കോർപ്പറേഷന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിൽ ഉണ്ടായ വീഴ്ചമൂലമാണോ നാലായിരത്തിലധികം എം.പാനൽ കണ്ടക്ടർമാരെ ഒരുമിച്ച് പിരിച്ച് വിടേണ്ട സാഹചര്യമുണ്ടായതെന്ന് വ്യക്തമാക്കാമോ? | (സി) | അടിയന്തിര ഘട്ടങ്ങളിലും സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിന്റെ ഭാഗമായും സ്ഥിരം കണ്ടക്ടർമാർ അവധി എടുക്കുന്ന സാഹചര്യത്തിലും ഷെഡ്യൂളുകൾ മുടങ്ങാതിരിക്കാനും ഷെഡ്യൂളുകളുടെ സുഗമമായ നടത്തിപ്പിനും വേണ്ടിയാണ് താൽക്കാലിക കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി.യിൽ നിലനിർത്തിയിരുന്നത്.<br>കെ.എസ്.ആർ.ടി.സി.യിലെ റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന ആന്റണി സ്റ്റെജോ എന്ന ഉദ്യോഗാർത്ഥി ബഹു.ഹൈക്കോടതി മുൻപാകെ 2018-ലെ 636-ാം നമ്പരായി നിയമനം കിട്ടുന്നതിനു വേണ്ടി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിൽ 5000-ത്തോളം കാഷ്വൽ കണ്ടക്ടർമാർ ജോലി ചെയ്യുന്ന വിവരം ഉന്നയിക്കുകയും ചെയ്തു. ആയതിനെതിരെ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ എതിർസത്യവാങ്മൂലം ഫയൽ ചെയ്യുകയും പ്രസ്തുത കേസ് തള്ളി ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ പരാതിക്കാരൻ അപ്പീൽ കോടതിയെ സമീപിക്കുകയും (ഡിവിഷൻ ബഞ്ച്) ബഹു.ഡിവിഷൻ ബഞ്ച് 03.12.18 ന് കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യുന്ന എംപാനൽകാരുടെ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി 06.12.18-ലേക്ക് സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ, കെ.എസ്.ആർ.ടി.സി മേൽപ്പറഞ്ഞ വിശദാംശങ്ങൾ കോടതിയെ ധരിപ്പിക്കുകയും കൗണ്ടർ ഫയൽ ചെയ്യാൻ സാവകാശം ആവശ്യപ്പെടുകയും ചെയ്തെങ്കിലും ആയതിന് അനുവദിക്കാതെ 6.12.18-ൽ തന്നെ ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ താത്കാലികക്കാരെ പിരിച്ചുവിടാനും പി.എസ്.സി.ക്കാരെ നിയമിക്കാനും ഉത്തരവിടുകയുമായിരുന്നു. മാത്രമല്ല, മേൽപ്പടി ഉത്തരവിന്റെ ലംഘനം ഉണ്ടാവുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി-യിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോർട്ടലക്ഷ്യം ഉൾപ്പെടെയുള്ള നടപടി അഭിമുഖീകരിക്കേണ്ടിവരുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, കോർപ്പറേഷൻ ടി ഉത്തരവിനെതിരെ സാവകാശഹർജി ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളി മേൽപ്പറഞ്ഞ പരിധിക്കുള്ളിൽ നടപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>ആയതിനാൽ കെ.എസ്.ആർ.ടി.സിയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിൽ ഉണ്ടായ വീഴ്ചമൂലമല്ല എംപാനൽ കണ്ടക്ടർമാരെ ഒരുമിച്ച് പിരിച്ചു വിടേണ്ട സാഹചര്യമുണ്ടായത്. |

**സെക്ഷൻ ഓഫീസർ**